PRE – BOARD EXAMINATION - 2,FEBRUARY 2020

**CLASS: X** **MALAYALAM** **Time: 3 hrs.**

**MAX. MARKS: 80**

---

THE QUESTION PAPER IS DIVIDED IN TO FOUR SECTIONS

| | |
|---|---|
| SECTION A : READING COMPREHENSION | 10 MARKS |
| SECTION B : WRITING | 14 MARKS |
| SECTION C : GRAMMAR | 20 MARKS |
| SECTION D : LITERATURE | 36 MARKS |

---

## എ വിഭാഗം

1 താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

വ്യക്തമായ പാരമ്പര്യ ബന്ധം പുലർത്തുന്ന ഒരു കൂട്ടം ഭാഷകളെ ആണ് ഒരുഭാഷാ ഗോത്രം അഥവാ ഭാഷാകുടുംബം എന്ന് പറയുന്നത്. ഈ പൂർവിക ഭാഷയെ ആ ഗോത്രത്തിന്റെ പ്രോട്ടോ-ലാങ്ഗ്വേജ് എന്ന് വിളിക്കുന്നു. ഉപയോഗിക്കുന്ന ഭാഷകളും മൊഴി ഭേദങ്ങളും കൂടി 7111 എണ്ണം ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. 141 വ്യത്യസ്ത ഭാഷാഗോത്രങ്ങളെ ഇവയിൽ കണ്ടെത്താൻ കഴിയും. മറ്റൊരു ഭാഷയുമായും ബന്ധം കണ്ടെത്താൻ കഴിയാത്തതിനാൽ ഒരു ഭാഷാഗോത്രത്തിലും ഉൾപ്പെടുത്താൻ കഴിയാത്ത ഭാഷകളെ ഐസൊലേറ്റ് എന്ന് വിളിക്കുന്നു. ഒരു ഗോത്രത്തിൽ പെട്ട ഭാഷകളിൽ, ശബ്ദാവലി, വ്യാകരണരീതി, എന്നിവയിൽ വളരെയധികം സമാനതകൾ ഉണ്ടാകും. ഒരേ ഗോത്രത്തിൽ പെട്ട ഭാഷകളിൽ വ്യാകരണത്തിൽ പ്രധാനമായും സാമ്യം കാണുന്നത് സർവ്വനാമങ്ങളുടേയും, ക്രിയാപദങ്ങളുടേയും രൂപത്തിലാണ്.

17-ആം നൂറ്റാണ്ടിൽ ഇന്ത്യൻ ഭാഷകളിൽ പരിജ്ഞാനം നേടിയ ചില യൂറോപ്യൻ പണ്ഡിതന്മാർ സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ എന്നീ പുരാതന ഭാഷകളിൽ പ്രഥമദൃഷ്ട്യാ കണ്ടെത്തിയ സാദൃശ്യങ്ങളെ അടിസ്ഥാനമാക്കി താരതമ്യപഠനത്തിൽ ഏർപ്പെടുകയും, ഈ ഭാഷകൾ മൂന്നും ഏതോ ഒരു ആദിഭാഷയിൽ നിന്നും ഉദ്ഭവിച്ചതാണെന്ന് അനുമാനിക്കുകയും ചെയ്തു. ഇത് ഭാഷകളുടെ ശാസ്ത്രീയമായ ഗോത്രവിഭജനത്തിന് തുടക്കം കുറിച്ചു. അവർ കണ്ടെത്തിയ ഭാഷാഗോത്രം ഇന്ന് ഇന്തോ-യൂറോപ്യൻ ഗോത്രം എന്നറിയപ്പെടുന്നു. സർ വില്യം ജോൺസ് ആയിരുന്നു ഇതിന്റെ ഒരു ആദ്യകാല വക്താവ്.

ചോദ്യങ്ങൾ

1. ഭാഷകളുടെ ശാസ്ത്രീയമായ ഗോത്രവിഭജനത്തിന് തുടക്കംകുറിച്ചത് എങ്ങനെ? 2
2. ഭാഷകുടുംബം എന്നാലെന്ത്? 2
3. ഒരേ ഗോത്രത്തിൽപ്പെട്ട ഭാഷകളുടെ പ്രത്യേകത എന്ത്? 2
4. എന്താണ് ഐസൊലേറ്റ് ഭാഷ? 2
5. ഈ ഖണ്ഡികക്ക് അനുയോജ്യമായ ശീർഷകം നൽകുക. 2

ബി വിഭാഗം

2 **(a) ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 7

1. മാറുന്ന ലോകവും മാനവികതയും
2. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന പ്രശ്നങ്ങൾ
3. വിദ്യാർഥികളും ആധുനിക സാങ്കേതികവിദ്യയും

(b) ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഭക്ഷ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. 7

സി വിഭാഗം

3 **(a) പ്രയോഗം മാറ്റുക** 1x2=2

1. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായ ഒരു പാട്ടിനു വേണ്ടി കാതോർത്തു.
2. ഒരു മഹൽ സന്നിധിയിലെന്നപോലെ അവളാൽ ശിരസ്സ് കുനിക്കപ്പെട്ടു.

**(b) അംഗവാക്യവും അംഗിവാക്യവും വേർതിരിച്ചു എഴുതുക.** 1x2=2

1. ഞങ്ങൾ തറവാട്ടു വീട്ടിൽ താമസമായതിനുശേഷം പണത്തിന്റെ മുട്ടുകൊണ്ട് ഒന്ന് രണ്ടുപ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങവിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്.
2. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** 1x2=2

1. ഇന്നു ഞാൻ മുഴുവൻ സർവ്വപാഞ്ചലരേയും വാസുദേവൻ കാണെതന്നെ കൊന്ന് കാലനൂർ പൂകിക്കും
2. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തതയും ഒറ്റപ്പെടലും അയാളെ അലട്ടി വലയം ചെയ്തു.

**(d) പിരിച്ചെഴുതുക.** 1x2=2

1. ആരൊരാൾ
2. പുരുഷാന്തരം

**( e ) വിഗ്രഹിക്കുക** 1x2=2

1. വീട്ടുവഴക്കുകൾ
2. ശാഖോപശാഖ

**( f) പര്യായപദങ്ങൾ എഴുതുക.** 1x2=2

1. മൊഴി
2. മാവ്

(g) **നാനാർത്ഥപദങ്ങൾ എഴുതുക** 1x2=2

1. ബിംബം
2. യതി

4 ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

**( a ) വിപരീത പദം എഴുതുക.** 1x2=2

1 സ്മൃതി ( ഓർമ്മ, വിസ്മൃതി, സ്മരണ, സ്മേരം )

2 ഇമ്പം ( തുമ്പം, ഈണം, ഗീതം, തുമ്പ് )

**(b) അർത്ഥവ്യത്യാസം എഴുതുക.** ½x4 =2

1 പ്രമാണം - പ്രണാമം (വളരെ, നമസ്കാരം, മഹത്വം, അടിസ്ഥാനം)

2 മേധം - മേധ (ബുദ്ധി, സൃഷ്ടി , നല്ലത്, യാഗം )

**( c ) എതിർലിംഗം എഴുതുക** 1x2=2

1 സോദരൻ (സുഹൃത്ത്, സോദരി, സഹധർമ്മിണി, പതി)

2 ബാലൻ (പുരുഷൻ, ഭഗവതി, ബാലിക, ഭവ്യ )

ഡി വിഭാഗം

5 (a ) **ബ്രാക്കറ്റിൽ നിന്നും ഉത്തരം കണ്ടെത്തി എഴുതുക.** ½x4=2

1 ചാക്കുണ്ണി ഏത് കഥയിലെ കഥാപാത്രമാണ്?

( കടൽത്തീരത്ത്, പണയം, കൊച്ചുചക്കരച്ചി, ആത്മാവിന്റെ വെളിപാടുകൾ)

2 സർവ്വവൃക്ഷങ്ങൾക്കും മീതേ എന്നു ഭാവിച്ചു നിൽക്കുന്നത് ആര്?

( മാവ്, ഇലഞ്ഞി, അശ്വത്ഥം, ചെമ്പകം )

3 വെള്ളിത്താലമെടുത്തു ലസിച്ചു നിൽക്കുന്നതാര്?

( നറുമുക്കുറ്റികൾ, തുമ്പകൾ, നെയ്യാമ്പലുകൾ, കമുകിൻ പൂവരി )

4 നാറാണത്തു ഭ്രാന്തൻ' ആരുടെ കൃതിയാണ്?

(വി. മധുസൂദനൻ നായർ ,കുമാരനാശാൻ, വയലാർരാമവർമ്മ, എഴുത്തച്ഛൻ)

(b) 1 ദുര്യോധനന്റെ സഹോദരി ആര്? ½x4=2

( പാഞ്ചാലി, ദുശ്ശള, കുന്തി, മാദ്രി )

2 സാഹിത്യ ഭൂഷണം ആരുടെ കൃതി?

( ഒ.വി വിജയൻ, കുട്ടികൃഷ്ണമാരാർ, ഇ.സന്തോഷ്കുമാർ, പെരുമ്പടവം ശ്രീധരൻ)

3 അമ്മയുടെ എഴുത്തുകളിലെ എഴുത്തുകൾ എന്തിന്റെ പ്രതീകമാണ്?

( തലമുറയുടെ, മലയാളഭാഷ, കേരളം, നാട്ടുപുരാണം )

4 വധശിക്ഷയുടെ ചടങ്ങ് എന്ത്?

( കാഹളം മുഴങ്ങുന്നത്, കൊമ്പുവിളിക്കുന്നത്, പെരുമ്പറമുഴക്കൽ, ഘടികാരം ശബ്ദിക്കുന്നത്)

6 **മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.**

(a) 1 'ഭാവശാലികൾ പിരിഞ്ഞുകൂടിയാ- 4x3=12

ലീവിധംവികലമാംസുഖോദയം' സന്ദർഭംവിശകലനംചെയ്ത്കുറിപ്പ്തയ്യാറാക്കുക.

2 'ഓരോദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്' ദസ്തയേവ്സ്കിയുടെ ഈ വാക്കുകൾ, പാഠഭാഗത്തുതെളിയുന്ന അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

3 തത്വചിന്താപരമായ ഉപദേശങ്ങളും, സാന്ത്വനങ്ങളും കൊണ്ട് നിറഞ്ഞതാണ് 'ലക്ഷ്മണസാന്ത്വനം' ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?

(b) 1 അമ്മതന്നെയാണ് മാതൃഭാഷ. ഈ പ്രസ്താവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെടുന്നു? പരിശോധിച്ച് കുറിപ്പ്തയ്യാറാക്കുക. 4x3=12

2 കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുള്ള ബന്ധം ലേഖകൻ ആവിഷ്കരിക്കുന്നത് എങ്ങനെ?

3 മലയാളദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെ? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

7 **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** 4x2= 8

1 കുഞ്ഞൻ പിള്ളയുടെ ബാല്യകാലം എങ്ങനെയുള്ളതായിരുന്നു?

2 ജടാപാഠികളുമായ സംഗമം കുഞ്ഞൻപിള്ളയുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായിരുന്നു.- വിശദമാക്കുക.

3 വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികൾ അറിയപ്പെടാൻ കാരണം എന്ത്